അദ്ദേഹത്തിന്റെ ഭാര്യ നബീസ-60 വയസ്സ്, ഭാര്യയുടെ ജ്യേഷ്ഠത്തി പാത്തുക്കുട്ടി-63 വയസ്സ് എന്നിവർ അതിദാരുണമായി കൊല ചെയ്യപ്പെടുകയുണ്ടായി. 12 മാസക്കാലം ലോക്കൽ പോലീസ് അന്വേഷിച്ചു. അതിനുശേഷമുള്ള 12 മാസം ക്രൈംബ്രാഞ്ച് അന്വേഷിച്ചു. ഇന്നുവരെ ഒരു കുറ്റവാളിയെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല എന്നവസ്തുത സഭയുടെ മുമ്പാകെ അറിയിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, 6-4-2003-ന് മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ മണക്കയി പ്രദേശത്ത് 3 പേരെ വെട്ടിക്കൊലപ്പെടുത്തി 4 പവൻ തൂക്കംവരുന്ന സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തു. ഇതുസംബന്ധിച്ച് കേസ്സെടുത്ത് മട്ടന്നൂർ പോലീസ് വിപുലമായ അന്വേഷണം നടത്തിവരുന്നു. പക്ഷേ വ്യക്തമായ ഒരു തെളിവും നാളിതുവരെ കിട്ടാത്തതിനെത്തുടർന്ന് കേസ് ക്രൈംബ്രാഞ്ചിനെ ഏല്പിച്ചു. ഇതിനുവേണ്ടി നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിരവധി പേരെ ചോദ്യംചെയ്തിട്ടും വ്യക്തമായ സൂചനകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഊർജ്ജിതമായ അന്വേഷണം നടക്കുന്നുണ്ട്.

(5) അട്ടപ്പാടിയിൽ പെട്ടിക്കൽ ഷോളയൂരിൽ പട്ടിണി മരണം

ശ്രീ കളത്തിൽ അബ്ദുള്ള: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഷോളയൂർ പഞ്ചായത്തിലെ പെട്ടിക്കലിൽ പാപ്പ എന്ന സ്ത്രീ മരണപ്പെട്ടിരിക്കുന്നു. ഈ മരണത്തെക്കുറിച്ച് പല ദുരൂഹതകളുമുണ്ട്. ഇക്കാര്യത്തിൽ ഊർജ്ജിതമായി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ഷോളയൂർ പഞ്ചായത്തിലെ പാപ്പ എന്ന സ്ത്രീ പനി ബാധിച്ച് കിടപ്പിലായിരുന്നു. ബാലവാടിയിൽനിന്ന് ഗുളിക വാങ്ങി കഴിച്ചിട്ടും പനിക്ക് കുറവുണ്ടായില്ല. അതേസമയം അവർ ഗവൺമെന്റ് ആശുപത്രികളിലൊന്നും പോയില്ല. അതിനുശേഷം മരിച്ചു. പട്ടിണിമൂലമാണ് മരണപ്പെട്ടതെന്ന് അവിടെ ഒരു പ്രചരണമുണ്ട്. പട്ടിണിമൂലമല്ല; പനി ബാധിച്ചാണ് മരിച്ചതെന്ന് പാപ്പയുടെ ഭർത്താവ് പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാലും ഒരു മാനുഷികപ്രശ്നമെന്ന നിലയിൽ ഇതിനെക്കുറിച്ച് അന്വേഷിച്ച് അവർക്ക് ഏതെങ്കിലുംവിധത്തിലുള്ള സഹായം ചെയ്യാൻപറ്റുമെങ്കിൽ ചെയ്തുകൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly